"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ആർ.സി1/262/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്
തിരുവനന്തപുരം, തീയതി: 21-11-2023

**സർക്കുലർ**

വിഷയം:- സംസ്ഥാനത്തെ പാതയോരങ്ങളിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ് ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ, ഹോർഡിംഗുകൾ മുതലായവ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി ഉത്തരവാദികളായവരിൽ നിന്നും പിഴ ഈടാക്കേണ്ടുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു.

സൂചന:- 1) WP(C) No. 1671/2021 നമ്പർ ഹർജിയിന്മേൽ 02.12.2021 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

2) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20/03/2022 ൽ കൂടിയ സർവ്വകക്ഷിയോഗ തീരുമാനം.

3) WP(C) No. 22750/2018 (& അനുബന്ധ കേസുകൾ) റിട്ട് ഹർജികളിന്മേൽ 22.03.2022 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

4) WP(C) No. 1671/2021 നമ്പർ ഹർജിയിന്മേൽ 22.06.2022 തീയതിയിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്.

5) 06.05.2022, 05.07.2022 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

6) WP(C) No. 1671/2021 നമ്പർ ഹർജിയിന്മേൽ 07.07.2022 തീയതിയിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്.

7) 02.08.2022 തീയതിയിലെ RC2/315/2022-തസ്വഭവ നമ്പർ സർക്കുലർ.

8) WP(C) No. 22750/2018 കേസിലെ ബഹു. ഹൈക്കോടതിയുടെ 19.10.2022 ലെ ഇടക്കാല ഉത്തരവ്.

9) സ.ഉ (സാധാ) നം. 3075/2022/തസ്വഭവ തീയതി : 12.12.2022.

10) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.12.2022 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

11) സ.ഉ (സാധാ) നം. 1173/2023/തസ്വഭവ തീയതി : 06.06.2023.

12) WP(C) No. 22750/2018 മുതൽ കേസുകളിലെ ബഹു. ഹൈക്കോടതിയുടെ 08.06.2023 ലെ ഉത്തരവ്

13) 19.06.2023 ലെ ഇതേ നമ്പർ സർക്കുലർ

14) WP(C) No. 22750/2018 മുതൽ കേസുകളിലെ ബഹു.

ഹൈക്കോടതിയുടെ 31.10.2023 ലെ ഉത്തരവ്

**********************

സംസ്ഥാനത്തെ പാതയോരങ്ങളിലും കാൽനടയാത്രക്കാർ ഗതാഗതത്തിനുപയോഗിക്കുന്ന ഫുട്പാത്ത് ഏര്യാ, ഹാൻഡ് റെയിലുകൾ എന്നിവിടങ്ങളിലും, റോഡുകളുടെ സെന്റർ മീഡിയൻ, ട്രാഫിക് ഐലന്റ് എന്നിവിടങ്ങളിലും അനധികൃതമായി സ്ഥാപിച്ചിട്ടുള്ള കൊടിമരങ്ങൾ, തോരണങ്ങൾ, കൊടിക്കൂറകൾ, ഫ്ലക്സുകൾ, പരസ്യ ബോർഡുകൾ എന്നിവ നീക്കം ചെയ്യുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതി സൂചന (3), (4) പ്രകാരം നൽകിയ നിർദ്ദേശാനുസരണം, സൂചന (5) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചി രുന്നു.

ബഹു. ഹൈക്കോടതിയുടെ സൂചന (6) പ്രകാരമുള്ള നിർദേശാനുസരണം തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിമാർ കർശനമായി പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (7) പ്രകാരവും സർക്കാർ പുറപ്പെടുവിച്ചിരുന്നു.

ബഹു. ഹൈക്കോടതിയുടെ സൂചന (8) ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പാതയോരങ്ങളിൽ നിന്നും അനധികൃത ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിന് തദ്ദേശ സ്ഥാപനതലത്തിൽ പ്രദേശിക കമ്മിറ്റികളും അവ യഥാക്രമം നടപ്പിലാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റികളും രൂപീകരിച്ചുകൊണ്ട് സൂചന (9) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ അനധികൃത കൊടിതോരണങ്ങളും ഫ്ലക്സുകളും ബോർഡുകളും നീക്കം ചെയ്യുന്നതിന് NHAI, തദ്ദേശ സ്വയംഭരണ, റവന്യൂ, പൊതുമരാമത്ത് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടു വരുന്ന ചട്ടങ്ങളിൽ പ്രസ്തുത വകുപ്പുകൾ തന്നെ ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണെന്ന നിർദ്ദേശം നൽകി സൂചന (11) പ്രകാരം ഉത്തരവായിരുന്നു.

ബഹു. കോടതി ഉത്തരവുകൾ പ്രകാരമുള്ള സർക്കാർ നടപടികൾ നിരീക്ഷിക്കുന്നതിന് ബഹു. ഹൈക്കോടതി **Amicus curiae** യെ ചുമതലപ്പെടുത്തുകയും **Amicus curiae** യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതി സൂചന (12) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവിലെ നിർദ്ദേശാനുസരണം സൂചന (13) പ്രകാരം, അനധികൃതമായി സ്ഥാപിച്ചിട്ടുള്ള കൊടിമരങ്ങൾ, തോരണങ്ങൾ, കൊടിക്കൂറകൾ, ഫ്ലക്സുകൾ, പരസ്യ ബോർഡുകൾ എന്നിവ നീക്കം ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ അധിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.

**31.10.2023** ൽ ബഹു.ഹൈക്കോടതി ത.സ്വ.ഭ.വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെയും അമിക്കസ് ക്യൂറിയെയും നേരിൽ കേൾക്കുകയും, പ്രശാന്തമായ അന്തരീക്ഷം ലഭ്യമായിരിക്കുക എന്നത് ഏതൊരു പൗരന്റെയും അവകാശമാണെന്നും, സ്വാർത്ഥവും നിക്ഷിപ്തവുമായ കാരണങ്ങളാൽ ഇതിനെ ധിക്കരിക്കുന്ന കുറ്റവാളികളുടെ ഏത് നടപടിയും തീർച്ചയായും മതിയായ പിഴകൾ ലഭിക്കേണ്ട കുറ്റമാണ് എന്ന് നിരീക്ഷിക്കുകയും ചെയ്തിട്ടുള്ളതാണ്.

ചട്ടങ്ങൾ അനുസരിച്ച് ഓരോ അനധികൃത ബോർഡിനും പിഴ ചുമത്താത്തത് സംസ്ഥാനത്തിന് പൊതുവരുമാനം നഷ്ടപ്പെടുന്നതിന് കാരണമായി എന്നും ഇക്കാര്യത്തിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച കമ്മിറ്റികളുടെ തന്നെ പരാജയമാണെന്നും കോടതി വിലയിരുത്തി. ഈ സാഹചര്യത്തിൽ, സംസ്ഥാനത്തുടനീളം ബഹു.കോടതിയുടെ ഉത്തരവുകൾ ലംഘിച്ച് സ്ഥാപിച്ചിട്ടുള്ള എല്ലാ ബോർഡുകളും ഉടനടി നീക്കം ചെയ്യുന്നതിനായി കോടതി രൂപീകരിച്ച കമ്മിറ്റികൾ, ഓരോ ബോർഡിനും പരമാവധി 5,000/- രൂപ പിഴ ചുമത്തി, അത് നീക്കം ചെയ്യുന്നതിനുള്ള ചെലവുകൾക്ക് പുറമേ, പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കണമെന്നും ഉത്തരവിട്ടു.

ഈ സാഹചര്യത്തിൽ, ബഹു. ഹൈക്കോടതിയുടെ സൂചന (15) പ്രകാരമുള്ള ഉത്തരവിലെ നിർദ്ദേശാനുസരണം സൂചന (9) പ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റികൾ സംസ്ഥാനത്തെ പാതയോരങ്ങളിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ മുതലായവ എത്രയും വേഗം നീക്കം ചെയ്യേണ്ടതും, Kerala Municipality (Erection of Arches & Setting up of Advertisement Boards in public streets and public places) Rules, 1999 ൽ വ്യവസ്ഥ ചെയ്യും പ്രകാരം ബോർഡൊന്നിന് പരമാവധി 5,000/- രൂപ പിഴ ചുമത്തി, ആയത് നീക്കം ചെയ്യുന്നതിനുള്ള ചെലവുകൾക്ക് പുറമേ, പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കേണ്ടതുമാണെന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ഉത്തരവിൻ പ്രകാരം

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്ഷൻ ഓഫീസർ.

Signed by
Pradeesh M
Date: 21-11-2023 13:08:44

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി റ്റു ചീഫ് സെക്രട്ടറി, കേരള
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്
ഗതാഗത വകുപ്പു സെക്രട്ടറിയുടെ സി.എ
റവന്യൂ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും (സിറ്റി/റൂറൽ)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പഞ്ചായത്ത് / നഗരകാര്യ ഡയറക്ടർ മുഖേന)

ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, കേരള റോഡ് സേഫ്റ്റി അതോറിറ്റി, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി **(LSGD - RC1/262/2022-LSGD)**